## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1145 | 05.03.2018-ൽ മറുപടിയ്ക്ക്

### ആലത്തൂർ താലൂക്കിൽ നടത്തിയ റവന്യൂ അദാലത്തുകൾ

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ താലൂക്കിൽ നടത്തിയ റവന്യൂ അദാലത്തുകൾ എത്രയാണെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലത്തൂർ താലൂക്കിൽ 17/01/2017 ന് എരിമയൂർ, കുട്ടാല പട്ടികജാതി കോളനിയിലും 13/02/2017 ന് കിഴക്കഞ്ചേരി അമ്പിട്ടൻ തരിശ് പട്ടികവർഗ്ഗ കോളനിയിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ഥലം എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിൽ ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ട്. |
| (ബി) റവന്യൂ അദാലത്തുകളിൽ ലഭിച്ച പരാതികളുടെ എണ്ണവും എത്ര പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കാമോ; | (ബി) പ്രസ്തുത ജനസമ്പർക്ക പരിപാടികളിൽ 17/01/2017 ന് 352 പരാതികളും 13/02/2017 ന് 409 പരാതികളും ഉൾപ്പെടെ ആകെ 761 പരാതികൾ ലഭിച്ചു. ആയതിൽ 431 പരാതികൾ പരിഹരിച്ചു. |
| (സി) പ്രസ്തുത പരാതികളെയും അതിന് സ്വീകരിച്ച പരിഹാര മാർഗ്ഗങ്ങളെയും കുറിച്ച് വിശദീകരിക്കാമോ? | (സി) പ്രസ്തുത പരാതികൾ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് അയച്ചു കൊടുക്കുകയും, ആയതിനുള്ള മറുപടി പരാതിക്കാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.<br>എരിമയൂർ കുട്ടാല കോളനിയിൽ നടന്ന അദാലത്തിൽ റവന്യൂ വകുപ്പിൽ നേരിട്ട് 82 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ വീട് അനുവദിച്ച് കിട്ടുന്നത്, വീട് അറ്റകുറ്റപണി എന്നിവ സംബന്ധിച്ചുള്ള പരാതികൾ എരിമയൂർ ഗ്രാമപഞ്ചായത്തിലേയ്ക്കും കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലേയ്ക്കും കൈമാറിയിട്ടുള്ളതും ടി ഓഫീസുകളിൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.<br>കറന്റ് കണക്ഷൻ ലഭിയ്ക്കുന്നത്, തെരുവ് വിളക്കുകൾ സ്ഥാപിച്ച കിട്ടുന്നത്, |

റേഷൻ കാർഡ് ബി.പി.എൽ ആക്കുന്നത് പട്ടയം അനുവദിച്ച് കിട്ടുന്നത് തുടങ്ങിയവ സംബന്ധിച്ച അപേക്ഷകൾ കെ.എസ്. ഇ.ബി, താലൂക്ക് സപ്ലൈ ഓഫീസ്, ആലത്തൂർ ലാൻഡ് ട്രിബ്യൂണൽ എന്നിങ്ങനെ അതാത് ഓഫീസുകളിലേക്ക് കൈമാറിയിട്ടുള്ളതും പ്രസ്തുത ഓഫീസുകളിൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത അദാലത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ചികിത്സാ ധനസഹായം അനുവദിച്ച് കിട്ടുന്നതിന് ലഭിച്ച ആറ് അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടയം ബുക്ക് ചെയ്തു കിട്ടുന്നതിന് ലഭിച്ച അപേക്ഷകളിൽ 5 കേസുകൾ പട്ടയം ബുക്ക് ചെയ്തിട്ടുള്ളതും 4 കേസുകളിൽ വ്യക്തമായ കൈവശരേഖ ഇല്ലാത്തതിനാലും അതിർത്തി ഇല്ലാതെ കൂട്ടായ കൈവശത്തിലും, ഒന്നിലധികം അവകാശികൾ ഉള്ളതിനാലും, ഒരു അപേക്ഷയിൽ കൈവശ രേഖയായ ആധാരത്തിലെ സർവ്വേ നമ്പർ തെറ്റായതിനാലും പട്ടയം ബുക്ക് ചെയ്ത് നൽകുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

അമ്പട്ടൻ തരിശ് കോളനിയിൽ വച്ച് നടന്ന അദാലത്തിൽ റവന്യൂ വകുപ്പിൽ നേരിട്ട് 132 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട അപേക്ഷകൾ പ്രസ്തുത ഓഫീസിലേയ്ക്കും വീട്, ധനസഹായം, പഠന സഹായം, തൊഴുത്ത് നിർമ്മാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട അപേക്ഷകൾ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, കണന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. കറന്റ് കണക്ഷൻ കിട്ടുന്നത്, മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ, റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികൾ, പി.ഡബ്ല്യൂ.ഡി റോഡ് വിഭാഗം, വാട്ടർ അതോറിറ്റി, എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അതാതു വകുപ്പുകളിലേയ്ക്ക് കൈമാറിയിട്ടുള്ളതും പ്രസ്തുത ഓഫീസുകളിൽ നടപടി സ്വീകരിച്ചിട്ടുള്ളവയുമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട്

ചികിത്സാ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയ കേസുകളിൽ ധനസഹായം അനുവദിച്ചിട്ടുള്ളതും സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത കേസുകളിലും വാർദ്ധക്യ സഹചമായ അസുഖമുള്ള കേസുകളിലും അപേക്ഷകർക്ക് മറുപടി നൽകി തീർപ്പാക്കിയിട്ടുള്ളതുമാണ്. പട്ടയം അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷകളിൽ 2 കേസുകളിൽ കിഴക്കഞ്ചേരി വില്ലേജാഫീസർ പട്ടയം ബുക്ക് ചെയ്ത് നൽകിയിട്ടുള്ളതും 5 കേസുകളിൽ ആലത്തൂർ മുൻസിഫ് കോടതിയിൽ സിവിൽ കേസ് നിലനിൽക്കുന്നതിനാൽ പട്ടയം ബുക്ക് ചെയ്തിട്ടില്ലാത്തതും ഈ വിവരം കാണിച്ച് കക്ഷികൾക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്.

മിച്ചഭൂമി പതിച്ച് കിട്ടുന്നതിനുള്ള അപേക്ഷ, ദേശീയ കുടുംബക്ഷേമ പദ്ധതി ധനസഹായം, അമ്പിട്ടൻ തരിശ് ക്വാറിക്കെതിരെയുള്ള പരാതി എന്നിങ്ങനെയുള്ള അപേക്ഷകളിൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കി അപേക്ഷകർക്ക് മറുപടി നൽകി തീർപ്പാക്കിയിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ